"ഭരണഭാഷ-മാതൃഭാഷ"

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നമ്പർ. E1-4923/14 തീയതി: 03-02-2014

വിഷയം:- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ശ്രീമതി. നിർമ്മല. എസ്. ശിശുവികസന പദ്ധതി ആഫീസർ, നെടുമങ്ങാട് അഡീഷണൽ - ശൂന്യവേതനാവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ശ്രീമതി. നിർമ്മല. എസ്. ശിശുവികസന പദ്ധതി ആഫീസർ, നെടുമങ്ങാട് അഡീഷണൽ -ന്റെ 31-01-2014 ലെ അപേക്ഷ

നെടുമങ്ങാട് അഡീഷണൽ ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. നിർമ്മല. എസ്. 01-02-2014 മുതൽ 01-03-2014 വരെ 29 ദിവസത്തേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ ചികിത്സയ്ക്കായി ശൂന്യവേതനാവധി അനുവദിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ അപേക്ഷ പരിഗണിച്ച്, ശ്രീമതി. നിർമ്മല. എസ്. നെടുമങ്ങാട് അഡീഷണൽ ശിശുവികസന പദ്ധതി ആഫീസർക്ക് 01-02-2014 മുതൽ 01-03-2014 വരെ 29 ദിവസത്തേക്ക് ചികിത്സയ്ക്കായി ശൂന്യവേതനാവധി അവധി അർഹതാവിധേയമായി അനുവദിച്ചു കൊണ്ടും പൊതുഅവധി ദിവസമായ 02-03-2014 അവധിക്ക് പിന്നിൽ ചേർക്കുന്നതിന് അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

നെടുമങ്ങാട് അഡീഷണൽ ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. നിർമ്മല. എസ്. അവധിയിൽ പ്രവേശിച്ചില്ലായിരുന്നുവെങ്കിൽ ഇതേ തസ്തികയിൽ തന്നെ തുടരുമായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ശ്രീമതി. നിർമ്മല. എസ്. ന്റെ അവധിക്കാലത്ത് നെടുമങ്ങാട് അഡീഷണൽ ശിശുവികസന പദ്ധതി ആഫീസറുടെ പൂർണ്ണ അധികച്ചുമതല നെടുമങ്ങാട് ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. ക്ളാര ഹെലന് നൽകിക്കൊണ്ട് ഉത്തരവാകുന്നു..

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

1) ശ്രീമതി. നിർമ്മല. എസ്.
ശിശുവികസന പദ്ധതി ആഫീസർ നെടുമങ്ങാട് അഡീഷണൽ

2) ശ്രീമതി. ക്ളാര ഹെലൻ ശിശുവികസന പദ്ധതി ആഫീസർ നെടുമങ്ങാട്

<u>പകർപ്പ്:</u>

1. അക്കൗണ്ടന്റ് ജനറൽ, കേരള തിരുവനന്തപുരം.
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ, തിരുവനന്തപുരം.
3. ജില്ലാ പ്രോഗ്രാം ആഫീസർ, തിരുവനന്തപുരം.
4. സ്റ്റോക്ക് /സ്പെയർ.
5. ഇ2-ഇ13.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്